പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3389** **18.02.2013 ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ മുഖേന തീർപ്പാക്കാനുള്ള അപേക്ഷകൾ**

| **ചോദ്യം**<br>ശ്രീ. സി.ദിവാകരൻ | **മറുപടി**<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ വഴി എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവുകളിൽ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസം വിതരണം ചെയ്യുന്നതിനായി 37.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 32.08 കോടി രൂപ സഹകരണസംഘം രജിസ്ട്രാർ ബന്ധപ്പെട്ട ബാങ്കുകൾക്ക് കടാശ്വാസമായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) എത്ര തുകയാണ് കൊടുത്തു തീർക്കാൻ കുടിശികയുള്ളത്; | (ബി) നാളിതുവരെയായി 27.04 കോടി രൂപ കൊടുത്തുതീർക്കാൻ കുടിശ്ശികയുണ്ട്. |
| (സി) ഇപ്പോൾ കടാശ്വാസ കമ്മീഷൻ മുമ്പാകെ എത്ര അപേക്ഷകളാണ് തീർപ്പകല്പിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള വായ്പകൾ കൂടി കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടു വന്നതിനെ തുടർന്ന് നിലവിൽ സ്വീകരിച്ച് വരുന്ന അപേക്ഷകൾ ഒഴികെ 98,997 അപേക്ഷകൾ തീർപ്പ് കല്പിക്കാനുണ്ട്. |

**സെക്ഷൻ ഓഫീസർ**